III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ ഔഷധശാലകൾവഴി വ്യാജമരുന്നുകളും ഗുണനിലവാരം കുറഞ്ഞ മരുന്നുകളും വിതരണം ചെയ്യുന്നതുമൂലം ആരോഗ്യരംഗത്ത് ഉളവായിട്ടുള്ള ഗുരുതരമായ പ്രശ്നങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, സംസ്ഥാനത്തെ ഔഷധശാലകൾവഴിയും ആശുപത്രികൾവഴിയും ഗുണനിലവാരമില്ലാത്ത വ്യാജമരുന്നുകളും മറ്റും യാതൊരു നിയന്ത്രണവുമില്ലാതെ വിതരണം നടത്തുന്നതുമൂലം കേരളത്തിലെ പൊതുജനാരോഗ്യ രംഗത്തുണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ജനസംഖ്യാനുപാതിക കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മരുന്നുകൾ വിറ്റഴിക്കുന്ന സംസ്ഥാനമാണ് കേരളം. പ്രതിവർഷം ഏതാണ്ട് രണ്ടായിരം കോടി രൂപയുടെ മരുന്നുകളാണ് ഇവിടെ വിറ്റഴിക്കുന്നത്. ഇതിൽ നല്ലൊരു ശതമാനവും ഗുണനിലാവാരമില്ലാത്തവയും വ്യാജമരുന്നുമാണെന്നുള്ള ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതിന് ഏറ്റവും വലിയ ഒത്താശ ചെയ്തുകൊടുക്കുന്നത് സർക്കാർ ആണെന്നുള്ളത് നിർഭാഗ്യകരമായിട്ടുള്ള സംഗതിയാണ്. കേരളത്തിൽ വിൽക്കപ്പെടുന്ന മരുന്നുകളിൽ നല്ലൊരു ശതമാനം നമ്മുടെ ആശുപത്രികൾവഴി സി.പി.സി. വാങ്ങുന്ന മരുന്നുകളാണ്. സി.പി.സി. യുടെ റൂൾസിൽ പറയുന്നത് ഏതു തരം മരുന്നും വിതരണം നടത്തുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്തിയിരിക്കണം എന്നാണ്. നിർഭാഗ്യവശാൽ ഇവിടെ എത്രയോ നാളുകളായി യാതൊരു ഗുണനിലാവാര പരിശോധനയും നടത്തുന്നില്ല. മുൻകാലങ്ങളിൽ മരുന്നുകളുടെ വില നൽകുന്നതിനുമുമ്പെങ്കിലും ഇവിടെ ഗുണനിലവാര പരിശോധന നടത്തിവന്നിരുന്നു. ഇപ്പോൾ മരുന്നുകളുടെ വില നൽകുന്നതിനുമുമ്പുപോലും ഗുണനിലവാര പരിശോധന നടത്തുന്നില്ല. എന്നുമാത്രമല്ല, ഗുണനിലവാര പരിശോധന നടത്തി സബ് സ്റ്റാൻഡേർഡ് എന്നു കാണുന്ന മരുന്നുകൾ മുൻകാലങ്ങളിൽ ആ ബാച്ചിന്റെ മുഴുവൻ വില നൽകാതിരിക്കുകയും അത്തരം മരുന്നുകളെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് സി.പി.സി. വഴി വിതരണം ചെയ്ത ഏതാണ്ട് നൂറിലേറെ മരുന്നുകൾ സബ്സ്റ്റാന്റേർഡാണെന്ന് പരിശോധനാ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചു. ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുമാത്രമല്ല, അത്തരം മരുന്നുകളെ സംബന്ധിച്ച് കഴിഞ്ഞ തവണ ആരോഗ്യ വകുപ്പിന്റെ ചർച്ചയിൽ പ്രതിപാദിച്ചതുമാണ്. അത്തരം മരുന്നുകളെല്ലാം ഇവിടെ നിർലോഭം ഇപ്പോഴും വിറ്റഴിക്കുകയാണ്. മാത്രവുമല്ല, സബ് സ്റ്റാന്റേർഡാണെന്നു റിപ്പോർട്ട് ഇപ്പോൾ നൽകിക്കഴിഞ്ഞാൽ, മരുന്നു കമ്പനികൾക്ക് ഒത്താശ ചെയ്യുന്ന തരത്തിലുള്ള തീരുമാനമാണ് സർക്കാർ എടുത്തിരിക്കുന്നത്. അത്തരം

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൾ സബ്സ്റ്റാന്റേർഡാണെന്നു കണ്ടാൽ, അതുവരെ ഉപയോഗിച്ച മരുന്നുകളുടെ വില സർക്കാർ നൽകുമെന്നുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ട് മരുന്നു കമ്പനികളെയും ഗുണനിലവാരമില്ലാതെ മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനികളെയും സർക്കാർ പ്രോൽസാഹിപ്പിക്കുകയാണ്. നമ്മുടെ ഔഷധശാലകൾവഴി ഗുണനിലവാരമില്ലാത്ത വ്യാജമരുന്നുകൾ ആവശ്യംപോലെ വിറ്റഴിക്കുകയാണ്. 35 ശതമാനം മരുന്നുകൾ ഇത്തരത്തിൽ വിറ്റഴിക്കുന്നതായി ആധികാരികമായ കണക്കുകൾ നിരത്തിക്കൊണ്ട് കേരളത്തിലെ പ്രമുഖ ദിനപത്രമായ കേരള കൗമുദി വളരെ വിശദമായ റിപ്പോർട്ടാണ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചിരുന്നത്. സ്വാഭാവികമായും ഒരുപാട് മരുന്ന് കഴിക്കുന്ന ഒരാളെന്ന നിലയിൽ പിറ്റേദിവസം നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഒരു വിശദീകരണക്കുറിപ്പെങ്കിലും നൽകുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ, അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. കേരള കൗമുദി പത്രത്തിന്റെ ഫ്രണ്ട് പേജിൽ പത്രം പ്രസിദ്ധീകരിച്ച വാർത്ത വായിച്ച് അദ്ദേഹം രസിക്കുകയാണ് ചെയ്തത്. വൈറ്റമിൻസ്, ആന്റിബയോട്ടിക്സ്, വേദനസംഹാരി, ടോണിക്, സിറപ്പ്, ക്രീം മുതലായ എല്ലാത്തിനും ഡ്യൂപ്ലിക്കേറ്റ് മരുന്നുണ്ട്. നിറത്തിലോ മണത്തിലോ സൈസിലോ വ്യത്യാസമില്ല. ഗുണനിലവാരത്തിൽ മാത്രമാണ് വ്യത്യാസമുള്ളത്. കേരളത്തിലെ ജനങ്ങളുടെ മനുഷ്യജീവൻ പരീക്ഷിക്കപ്പെടുകയാണ്. മന്ത്രി ഇതെല്ലാം നോക്കിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് ഒരു കുലുക്കവുമില്ല. അദ്ദേഹം ഒരു നടപടിയും സ്വീകരിക്കുന്നില്ല. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഡ്രഗ്സ് ലബോറട്ടറിയുണ്ട്. ഡ്രഗ്സ് കൺട്രോളർ എന്നൊരു വകുപ്പുണ്ട്. ഡ്രഗ്സ് കൺട്രോളർ വകുപ്പാണ് ഈ മരുന്ന് മാഫിയയുമായി ചേർന്നുകൊണ്ട് ഈ ഗുരുതരമായ കൂട്ടുകച്ചവടത്തിന് നേതൃത്വം കൊടുക്കുന്നത്. ഡ്രഗ്സ് കൺട്രോളർ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെല്ലാം മരുന്നുകമ്പനികളുടെ മാസപ്പടിക്കാരാണ്, ശമ്പളക്കാരാണ്. അവർ യാതൊരു തരത്തിലുള്ള പരിശോധനയും നടത്തുന്നില്ല. യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. എന്തെങ്കിലും പരാതിയുണ്ടായാൽ, ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തിയാൽ, നിയമസഭയിൽ ആരോപണമുന്നയിച്ചാൽ, പരിശോധനയ്ക്ക് അയയ്ക്കും. പരിശോധനയ്ക്ക് അയച്ചാൽ മരുന്ന് മുഴുവൻ വിറ്റഴിച്ചുകഴിഞ്ഞാവും റിപ്പോർട്ട് വരുന്നില്ല. ഡ്രഗ്സ് കൺട്രോളർ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് കടിഞ്ഞാൺ ഇടണം. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിന് സത്വര നടപടി സ്വീകരിക്കണം. ഗവൺമെന്റ് അടിയന്തിരമായി ചെയ്യേണ്ടത്, സി.പി.സി. വഴി സർക്കാർ ആശുപത്രികളിൽ വരുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷം മാത്രമേ വിതരണം ചെയ്യാൻ പാടുള്ളുയെന്ന് തീരുമാനിക്കാനുള്ള ആർജ്ജവം മന്ത്രി കാണിക്കണം. അതിന് അങ്ങേയ്ക്ക് ധൈര്യമുണ്ടോ? ഗുണനിലവാരം പരിശോധിച്ച് റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ മരുന്നു വിതരണം നടത്താൻ പാടുള്ളൂയെന്ന തീരുമാനമെടുക്കണം. ഒന്നോ രണ്ടോ ഡ്രഗ്സ് ലബോറട്ടറികൾ ഇവിടെ തുടങ്ങണം. ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിലും കോഴിക്കോട്ടും ഡ്രഗ്സ് ലബോറട്ടറികൾ തുടങ്ങുമെന്നു പറഞ്ഞിരുന്നു. അതിന് അങ്ങേയ്ക്ക് താൽപര്യമുണ്ടോ? തുടങ്ങാൻ അങ്ങ് തയ്യാറാണോ? സമയാസമയം മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് അതിന്റെ റിപ്പോർട്ട് വരുത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡി.എച്ച്.എസും ഡി.എം.ഇ.യും സി.പി.സി.യുമെടുക്കുന്ന തീരുമാനം ഡ്രഗ്സ് കൺട്രോളർ മറികടക്കുന്നു. ഡി.എച്ച്.എസ്.-നെയും ഡി.എം.ഇ.-യെയുമൊക്കെ കണ്ടാൽ മുട്ടുവിറയ്ക്കേണ്ട ഡ്രഗ്സ് കൺട്രോളർ എങ്ങനെയാണ് നടപടിയെടുക്കുന്നത്. അതുകൊണ്ട് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിൽ കേരളത്തിലെ പോലീസ് വിജിലൻസ് വകുപ്പിന്റെ നിരീക്ഷണം വേണം. കേരളത്തിലെ ഉദ്യോഗസ്ഥരംഗത്ത് ഒരൽപ്പമെങ്കിലും പേടിയുള്ളത് പോലീസ് വിജിലൻസ് ചില കാര്യങ്ങളിലെങ്കിലും ഇടപെടുന്നുയെന്നുള്ളതുകൊണ്ടാണ്. കഴിഞ്ഞ ദിവസം ഒരു ആർ.ഡി.ഒ. യെ അറസ്റ്റ് ചെയ്തു. അതുകൊണ്ട് ചില ഉദ്യോഗസ്ഥൻമാർക്കെങ്കിലും പേടിവന്നിട്ടുണ്ട്. അതുകൊണ്ട് ഈ മരുന്നു വിൽപ്പന രംഗത്ത് പോലീസിന്റെ വിജിലൻസ് വകുപ്പിന്റെ നിരീക്ഷണം അടിയന്തിരമായും അത്യാവശ്യമാണ്. ഈ അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തിനെതിരെ സത്വരമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും സംരക്ഷണം കൊടുക്കണം. കേരളത്തിലെ രോഗികൾ ഈ മരുന്നുകഴിച്ച് ഗുരുതരമായ രോഗത്തിന് അടിമപ്പെടാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കേരള കൗമുദി പത്രത്തിലെ റിപ്പോർട്ട് വന്നതിനുശേഷം അന്നുതന്നെ ഡ്രഗ്സ് കൺട്രോളറോട് എല്ലാ ജില്ലകളിലും വ്യാപകമായ പരിശോധന നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ പരിശോധനയുടെ റിപ്പോർട്ട് ഒന്നുരണ്ട് ദിവസത്തിനകം ലഭ്യമാകും. സംസ്ഥാനത്തെ സഹകാര്യ ആശുപത്രികൾവഴിയും മെഡിക്കൽ ഷോപ്പുകൾ വഴിയും വിതരണം ചെയ്യുന്ന മരുന്നുകളെല്ലാം അംഗീകൃത ലൈസൻസ് പ്രകാരം നിർമ്മിക്കുന്നതാണ്. കേരളത്തിൽ വിൽക്കപ്പെടുന്ന 95 ശതമാനം മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയാണ്. നിർമ്മാതാക്കൾ സ്വന്തം ലബോറട്ടറികളിൽ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമാണ് മരുന്ന് വിൽപ്പന നടത്തുന്നത്. ഔഷധ നിർമ്മാതാക്കളോ അവരുടെ അംഗീകൃത ഏജന്റുമാരോ ബിൽ ഇല്ലാതെ സംസ്ഥാനത്ത് മരുന്നുകൾ വിതരണം നടത്തുന്നില്ല. ചെറിയ ശതമാനം മരുന്നുകൾ മാത്രമേ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ മരുന്നുകളുടെയും സാമ്പിൾ പരിശോധിക്കുകയെന്നുള്ളത് പ്രായോഗികമല്ല. ടെസ്റ്റിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലബോറട്ടറികൂടി സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിവാണ്. വ്യാജ മരുന്നുകളുടെ നിർമ്മാണവും വിതരണവും കേരളത്തിനകത്ത് നടക്കുന്നില്ല. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഒരു വ്യാജമരുന്നിന്റെ വിതരണമാണ് നടന്നിട്ടുള്ളത്. ആ മരുന്ന് ഹൈദ്രാബാദിലെ ഒരു കമ്പനിയാണ് നിർമ്മിച്ച് വിൽപ്പന നടത്തിയത്. പ്രസ്തുത മരുന്നുവിൽപ്പന നടത്തിയ കേരളത്തിലെ ഔഷധവ്യാപാരിക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കാനായി സഹകാര്യ ആശുപത്രികളിൽനിന്നും ഔഷധ വിതരണക്കാരിൽനിന്നും ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. 2004-2005 വർഷത്തിൽ 4916 സാമ്പിളുകൾ പരിശോധന നടത്തി. അതിൽ 496 സാമ്പിളുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടിട്ടുണ്ട്. ഇവയുടെ തുടർന്നുള്ള ഉപയോഗം തടഞ്ഞിട്ടുമുണ്ട്. സാമ്പിളുകളിൽ അടങ്ങിയിരിക്കുന്ന മരുന്നിന്റെ അളവ് 70 ശതമാനത്തിൽ കുറവായ കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ സി.പി.സി. പർച്ചേസിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ എന്തൊക്കെയോ തെറ്റിദ്ധരിച്ചു പറയുകയാണ്. സർക്കാർ ആശുപത്രികളിൽക്കൂടി വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം കുറ്റമറ്റ നിലയിലാണ് നടക്കുന്നത്. സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന അവസരത്തിൽ അവർ സാനിൾ അനാലിസിസ് സർട്ടിഫിക്കറ്റ് നൽകേണ്ടതായിട്ടുണ്ട്. ടെണ്ടർ സമർപ്പിക്കുമ്പോൾ അതോടൊപ്പം സാമ്പിൾകൂടി നൽകണം. ആ സാമ്പിൾ ഡ്രഗ്സ് കൺട്രോളറുടെ കീഴിലെ അനലറ്റിക്കൽ ലാബിലോ അതുപോലെ അഞ്ച് accredited ലാബുകളുള്ളതിൽ ഏതെങ്കിലും ഒന്നിലോ പരിശോധിച്ച് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതുണ്ട്. അതിനുപുറമെ ഫാക്ടറി പ്രമിസസ് പരിശോധനയ്ക്ക് ടീമിനെ വച്ചിട്ടുണ്ട്. ഈ വർഷം മുതൽ ഏത് കമ്പനികളിൽനിന്ന് മരുന്നു വാങ്ങുന്നുവോ മറ്റ് സംസ്ഥാനങ്ങളിലെ കമ്പനികളായാലും ശരി ആ കമ്പനികളിൽപ്പോയി പരിശോധിക്കാൻ വ്യത്യസ്തമായ ടീമുകളെ വച്ചിട്ടുണ്ട്. അവിടത്തെ ഉൽപ്പാദന രീതിയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് പരിശോധിച്ച് ആ കമ്മിറ്റി റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. അതിനുപുറമെ വിതരണക്കാർ ഓരോ ബാച്ചിന്റെയും accredited lab-ൽ നിന്നുള്ള quality testing certificate ഹാജരാക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു വിതരണക്കാരൻ മരുന്ന് നൽകുകയാണെങ്കിൽ accredited lab-ൽ നിന്നുള്ള ക്വാളിറ്റി ടെസ്റ്റിന്റെ റിസൽറ്റ് ഹാജരാക്കേണ്ടതുണ്ട്. അതിന് പുറമെ വിതരണക്കാർ സപ്ലൈ ചെയ്യുന്ന മരുന്നുകളിൽനിന്നും random sample എടുക്കുന്നുണ്ട്. ആ random സാമ്പിളുകൾ സംസ്ഥാന ഗവൺമെന്റിന്റെ ലാബുകളിലും accredited lab-കളിലും പരിശോധിക്കുന്നുണ്ട്. പരിശോധന ഇല്ലാതെ പണം നൽകുന്നുവെന്ന് പറഞ്ഞത് ശരിയല്ല. ഈ സാമ്പിളുകൾ random checking നടത്തി ആ random checking നടത്തുന്ന സാമ്പിളുകൾ എടുത്ത് അതിന്റെ ഗുണനിലവാരം

ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പേമെന്റ് നൽകുകയുള്ളു. ഡെലിവറി സമയത്ത് 25 ശതമാനത്തിൽ കൂടുതൽ shelf life കഴിഞ്ഞ മരുന്നുകൾ സ്വീകരിക്കാറുമില്ല.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഇവിടെ അങ്ങും കുറെ കാര്യങ്ങൾ തെറ്റിദ്ധരിച്ചുകൊണ്ടാണ് പറയുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പുതന്നെ പരിശോധന നടത്തി substandard എന്നു പറഞ്ഞ നിരവധി മരുന്നുകൾ ഇപ്പോഴും വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങേയ്ക്ക് മരുന്നുകളുടെ ലിസ്റ്റ് തരാം. കർശനമായി അത്തരം മരുന്നുകൾ വിതരണം ചെയ്യരുതെന്ന നിർദ്ദേശം കൊടുക്കാൻ അങ്ങ് തയ്യാറാകുമോ? Substandard എന്ന് ഡ്രഗ്സ് കൺട്രോളർ ഡിപ്പാർട്ടുമെന്റ് പറഞ്ഞിട്ടുള്ള അത്തരം മരുന്നുകൾ വിതരണം നടത്താൻ പാടില്ലെന്നുള്ള കർശന നിർദ്ദേശം അങ്ങ് കൊടുക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ നേരത്തെ പറഞ്ഞു, 4916 സാമ്പിളുകൾ കഴിഞ്ഞ വർഷം പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 496 സാമ്പിളുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതാണെന്ന് തെളിഞ്ഞിട്ടുണ്ട്. അത് വിതരണം ചെയ്യാൻ പാടില്ലെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. അതുമാത്രമല്ല ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഇടയ്ക്കിടയ്ക്ക് ഈ മരുന്ന് വിൽപ്പന ശാലകൾ പരിശോധിക്കുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഇല്ലെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

(2) കുഡുംബി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെടുത്തി സംവരണാനുകൂല്യം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, സാമൂഹ്യപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കേരളത്തിലെ ഒരു ജനവിഭാഗത്തിന്റെ നീറുന്ന പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ അറിവില്ലായ്മമൂലം സംവരണം ലഭിക്കാതെപോയ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കുഡുംബി സമുദായത്തിന് പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള രംഗങ്ങളിൽ 1 ശതമാനം സംവരണവും ടി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അനുകൂലമായ മറുപടിയും പ്രതീക്ഷിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കേരളത്തിലെ കുഡുംബി സമുദായം സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായമാണ്. നൂറ്റാണ്ടുകളായി ആർത്തരും നിരാലംബരുമായി കഴിഞ്ഞുപോന്നിരുന്ന സമുദായത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ചും സാമൂഹിക വിദ്യാഭ്യാസ രംഗങ്ങളിൽ സമുദായം

LIBRARY ARCHIVES Kerala Legislative Assembly